# സർവ്വ പ്രാപ്തികളുടെയും സ്മൃതി എമർജ് ചെയ്ത് അചഞ്ചല സ്ഥിതിയുടെ അനുഭവം ചെയ്യു, ജീവൻ മുക്തരാകൂ

ഇന്ന് ഭാഗ്യ വിധാതാവായ ബാബ തൻറെ വിശ്വത്തിലെ സർവ്വ ശ്രേഷ്ഠ ഭാഗ്യശാലി കുട്ടികളെയും കാണുകയാണ്. ഓരോ കുട്ടികളുടെയും ഭാഗ്യത്തിന്റെ മഹിമ സ്വയം ഭഗവാൻ പാടുകയാണ്. ബാബയുടെ മഹിമ യാണെങ്കിൽ ആത്മാക്കൾ പാടുന്നു എന്നാൽ താങ്കൾ കുട്ടികളുടെ മഹിമ സ്വയം ബാബ ചെയ്യുന്നു.എങ്ങനെ എപ്പോഴെങ്കിലും സ്വപ്നത്തിലെങ്കിലും വിചാരിച്ചിട്ടുണ്ടോ നമ്മുടെ ഇത്രയും ശ്രേഷ്ഠ ഭാഗ്യം ഉണ്ടാക്കപ്പെട്ടിരിക്കുന്നു, എന്നാൽ ഉണ്ടായിട്ടുണ്ടായിരുന്നു, ഉണ്ടായിരിക്കുന്നു. ലോകത്തുള്ളവർ പറയുന്നു ഭഗവാനാണ് നമ്മെ രചിച്ചത് എന്നാൽ ഭഗവാനെയും അറിയില്ല രചനയെയും അറിയില്ല.താങ്കൾ ഓരോ ഭാഗ്യശാലി കുട്ടികളും അനുഭവത്തോടെയും ലഹരിയോടെയും പറയുന്നു നാം ശിവ വംശി ബ്രഹ്മാ കുമാരൻ ബ്രഹ്മാകുമാരിമാരാണ്. നമുക്കറിയാം നമ്മെ ബാപ്ദാദ എങ്ങനെയാണ് രചിച്ചത്! ചെറിയ കുട്ടി ആകട്ടെ വൃദ്ധ പാണ്ഡവൻ ആകട്ടെ ശക്തികൾ ആകട്ടെ ആരോട് താങ്കളുടെ അച്ഛൻ ആരാണ് എന്ന് ചോദിച്ചാലും അപ്പോൾ എന്തു പറയും? ഉടനെ പറയല്ലേ ഞങ്ങളെ ശിവ ബാബ ബ്രഹ്മാബാബ യിലൂടെ രചിച്ചു അതിനാൽ ഞങ്ങൾ ഭഗവാൻറെ മക്കളാണ്. ഭഗവാനെ നേരിട്ട് കാണുന്നു പരമാത്മാവ് അഥവാ ഭഗവാൻ ഞങ്ങളുടെ അച്ഛൻ മാത്രമല്ല,എന്നാൽ അത് അച്ഛനുമാണ് അധ്യാപകനും ആണ് സത്ഗുരുവും ആണ്. എല്ലാവർക്കും ഈ ലഹരി ഉണ്ടോ? (കൈയ്യടിച്ചു ) ഒരു കൈയിന്റെ കൈയ്യടി മുഴങ്ങണം ഇപ്പോൾ ഈ വ്യായാമവും വൃദ്ധർക്ക് പഠിക്കണം. കുട്ടികളുടെ സന്തോഷം കണ്ട് ബാപ്ദാദയും സന്തോഷത്തിൽ ഊഞ്ഞാലാടുകയാണ് സദാ പറയുന്നു ആഹാ എന്റെ ഓരോ ശ്രേഷ്ഠ ഭാഗ്യശാലി വിശേഷ ആത്മാക്കളെ...അച്ഛൻറെ രൂപത്തിൽ പരമാത്മ പാലനയുടെ അനുഭവം ചെയ്തുകൊണ്ടിരിക്കുന്നു.ഈ പരമാത്മ പാലന മുഴുവൻ കൽപ്പത്തിൽ ഈ ബ്രാഹ്മണ ജന്മത്തിൽ മാത്രം താങ്കൾ കുട്ടികൾക്ക് പ്രാപ്തമാകുന്നു, ഏതൊരു പരമാത്മ പാലനയിലൂടെയാണോ ആത്മാവിന് സർവ്വ പ്രാപ്തി സ്വരൂപത്തിന്റെ അനുഭവം ഉണ്ടാകുന്നത്. പരമാത്മ സ്നേഹം സർവ്വ സംബന്ധങ്ങളുടെയും അനുഭവം ചെയ്യിക്കുന്നു.പരമാത്മ സ്നേഹം തൻറെ ദേഹ ബോധത്തെയും മറപ്പിക്കുന്നു.ഒപ്പം ഒപ്പം അനേകം സ്വാർത്ഥ സ്നേഹത്തെയും മറപ്പിക്കുന്നു.ഇങ്ങനെയുള്ള പരമാത്മ സ്നേഹം, പരമാത്മ പാലനയ്ക്കുള്ളിൽ പാലിക്കപ്പെടുന്ന ഭാഗ്യശാലി ആത്മാക്കളാണ്. എത്രത്തോളം താങ്കൾ ആത്മാക്കൾക്ക് ഭാഗ്യമുണ്ട് സ്വയം ബാബ തൻറെ വതനം വിട്ട് താങ്കൾ ഈശ്വരീയ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആയി വരുന്നു. ഇങ്ങനെയുള്ള ഏതെങ്കിലും ടീച്ചറെ കണ്ടിട്ടുണ്ടോ എന്നും അതിരാവിലെ ദൂരദേശത്തുനിന്ന് പഠിപ്പിക്കാനായി വരുന്നത്?ഇങ്ങനെയുള്ള ടീച്ചറെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? എന്നാൽ താങ്കൾ കുട്ടികൾക്ക് വേണ്ടി എന്നും ബാബ അധ്യാപകനായി താങ്കളുടെ അടുക്കൽ പഠിപ്പിക്കാൻ വരുന്നു. എത്ര സഹജമായി പഠിപ്പിക്കുന്നു.രണ്ടു വാക്കിൻറെ പഠിപ്പാണ് താങ്കളും ബാബയും ഈ രണ്ടു വാക്കുകളിൽ ചക്രം ആകട്ടെ, ഡ്രാമയാകട്ടെ, കല്പ വൃക്ഷം ആകട്ടെ, മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുണ്ട്. പഠിപ്പിൽ എത്രയാണ് ബുദ്ധിക്ക് ഭാരമുണ്ടാകുക ബാബയുടെ അടുക്കലൂടെ ബുദ്ധി ഭാരരഹിതമായി മാറുന്നു.ഭാരമില്ലാത്തതിന്റെ ലക്ഷണമാണ് ഉയർന്ന് പറക്കുക. ഭാരമില്ലാത്ത സാധനം സ്വതവേ തന്നെ ഉയർന്നതായിരിക്കും. അപ്പോൾ ഈ പഠിപ്പിലൂടെ മനസ്സും ബുദ്ധിയും പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്നു.അപ്പോൾ അപ്പോൾ ബുദ്ധി ഭാരരഹിതമായില്ലേ!മൂന്നു ലോകങ്ങളുടെയും ജ്ഞാനം ലഭിക്കുന്നു ഇങ്ങനെയുള്ള പഠിപ്പ് മുഴുവൻ കൽപ്പത്തിൽ ആരെങ്കിലും പഠിച്ചിട്ടുണ്ടോ.ഇങ്ങനെ പഠിപ്പിക്കുന്നയാളെ ലഭിച്ചിട്ടുണ്ടോ.അപ്പോൾ ഭാഗ്യമല്ലേ!പിന്നെ സദ്ഗുരുവിലൂടെ ഇങ്ങനെയുള്ള ശ്രീമതം ലഭിക്കുന്നു അതിലൂടെ സദാകാലത്തേക്ക് എന്തു ചെയ്യും,എങ്ങനെ നടക്കും,ഇങ്ങനെ ചെയ്യണോ ചെയ്യേണ്ടേ എന്താകും....എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ മറുപടിയാകുന്നു ഫോളോ ഫാദർ. സാകാര കർമ്മത്തിൽ ബ്രഹ്മാബാബയെ പിന്തുടരു,നിരാകാരി സ്ഥിതിയിൽ അശരീരി ആകുന്നതിൽ ശിവ ബാബയെ പിന്തുടരു . രണ്ട്പേരെയും അച്ഛനെയും ദാദയെയും പിന്തുടരുക അതായത് ചോദ്യചിഹ്നം സമാപ്തമാകുക ശ്രീമതത്തിലൂടെ സഞ്ചരിക്കുക. ഇത് ബുദ്ധിമുട്ടാണോ?ചോദിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടാകുന്നുണ്ടോ?അനുകരിക്കണം,തന്റെ ബുദ്ധിയെ പ്രവർത്തിപ്പിക്കേണ്ട. ബാബയെ പോലെ ആകുക അർത്ഥം ഫോളോ ഫാദർ ചെയ്യുക.ബുദ്ധിമുട്ടാണോ എളുപ്പമാണോ?എളുപ്പമല്ലേ?30 വർഷക്കാർ കൈ ഉയർത്തൂ,ശരി 30 വർഷത്തിൽ ബുദ്ധിമുട്ടുണ്ടായിരുന്നോ അതോ സഹജമാണോ?ഇപ്പോൾ നോക്കൂ 30 വർഷക്കാർക്കും സഹജമായിരുന്നു എങ്കിൽ താങ്കൾ പുറകെ പുറകെ വരുന്നവർക്ക് ബുദ്ധിമുട്ടാണോ അതോ സഹജമാണോ?സഹജമല്ലേ? (ചൂടുകാരണം എല്ലാവരുടെയും കയ്യിൽ വർണ്ണശബളമായ വിസകൾ വീശിക്കൊണ്ടിരിക്കുകയാണ് )നല്ലതാണ് തിളക്കവും നന്നായിട്ടുണ്ട്.നല്ല ദൃശ്യമാണ്.നവീനത ഉണ്ടാകണമല്ലോ.അപ്പോൾ ഈ ഗ്രൂപ്പി

ന് ഇതും നവീനതയാണ് ഇതും ടിവിയിൽ വന്നു. നല്ലത് എല്ലാവരും ഓടിയോടി എത്തിച്ചേർന്നു,ബാപ്ദാദയും സ്നേഹത്തിൻറെ ആശംസകൾ നൽകുന്നു. നോക്കൂ ഏതൊരു പരിധിയിലുള്ള ഗുരു ഉണ്ടെങ്കിലും എത്ര വരദാനം നൽകുന്നു ഒന്നല്ലെങ്കിൽ 10, കൂടുതൽ നൽകുന്നില്ല. എന്നാൽ താങ്കൾക്ക് സത്ഗുരുവിലൂടെ പതിവായി വരദാനം ലഭിക്കുന്നു. ഇങ്ങനെയുള്ള ഗുരുവിനെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?കണ്ടിട്ടില്ലല്ലോ!താങ്കൾ മാത്രമേ കണ്ടിട്ടുള്ളൂ എന്നാൽ കൽപ്പകൽപം കണ്ടു.അപ്പോൾ സദാ തന്റെ ഭാഗ്യത്തിന്റെ പ്രാപ്തികളെ മുന്നിൽ വയ്ക്കൂ.ബുദ്ധിയിൽ മറച്ചുവെക്കാതിരിക്കൂ,എമർജ് ചെയ്യൂ.അപ്രത്യക്ഷമാക്കി വയ്ക്കുന്ന സംസ്കാരത്തെ മാറ്റി എമർജ് ചെയ്യു.തൻറെ പ്രാപ്തികളുടെ ലിസ്റ്റ് സദാ ബുദ്ധിയിൽ പ്രത്യക്ഷമാക്കി വയ്ക്കണം. എപ്പോൾ പ്രാപ്തികളുടെ ലിസ്റ്റ് പ്രത്യക്ഷമാകുന്നുവോ ഏതൊരു തരത്തിലുള്ള വിഘ്നവും യുദ്ധം ചെയ്യുകയില്ല. അത് അപ്രത്യക്ഷമായി പോകും പ്രാപ്തികൾ പ്രത്യക്ഷ രൂപത്തിൽ ഇരിക്കും. ബാപ്ദാദ കേൾക്കുന്നു ഇന്ന് ഏതെങ്കിലും കാരണം കൊണ്ട് ചില ചില കുട്ടികൾ പരിശ്രമം ചെയ്യുന്നു, യുദ്ധം ചെയ്യുന്നു, യോഗം വെക്കാൻ ആഗ്രഹിക്കുന്നു എന്നാൽ ചേരുന്നില്ല. ആത്മ ബോധത്തിന് പകരം ദേഹ ബോധത്തിൽ വരുന്നു അപ്പോൾ ബാപ്ദാദയ്ക്ക് നന്നായി തോന്നുന്നില്ല. കാരണം എന്താണ്?തൻറെ ഭാഗ്യത്തിന്റെ പ്രാപ്തികൾ എമർജായിരിക്കുന്നില്ല അപ്രത്യക്ഷമായിരിക്കുന്നു.പിന്നെ ആരെങ്കിലും ഓർമ്മപ്പെടുത്തുമ്പോൾ ആലോചിക്കാൻ തുടങ്ങുന്നു ഇങ്ങനെയായിരുന്നു സംഭവിക്കേണ്ടിയിരുന്നത്...അതിനാൽ വളരെ സഹജ പുരുഷാർത്ഥമാണ് പ്രാപ്തികളെ പ്രത്യക്ഷമാക്കി വയ്ക്കു. എപ്പോൾ മുതൽ ബ്രാഹ്മണനായോ അപ്പോൾ മുതൽ തൻറെ ഭാഗ്യത്തെ സ്മൃതിയിൽ വയ്ക്കു. ഇളക്കത്തിലേക്ക് വരരുത് അചഞ്ചലരാ കൂ.എന്തെന്നാൽ ഇവിടെ അബുവിൽ ഓർമ്മചിഹ്നം എന്താണ്? അചൽ ഘർ ആണോ ഹൽചൽ ഘർ ആണോ?അചൽ ഘർ അല്ലേ?ഇത് ആരുടെ ഓർമ്മ ചിഹ്നമാണ്?താങ്കളുടെ ഓർമ്മ ചിഹ്നം അല്ലേ? എപ്പോൾ ഏതെങ്കിലും സൂക്ഷ്മ പുരുഷാർത്ഥത്തിന്റെ മാർഗ്ഗം ബുദ്ധിമുട്ടായി തോന്നുന്നുവോ ബുദ്ധി കൂടുതൽ ഇളക്കത്തിലാകുന്നുവോ അപ്പോൾ തന്റെ ഓർമ്മ ചിഹ്നത്തെ സ്മൃതിയിൽ കൊണ്ടുവരു. പലതവണ കുട്ടികൾ ജ്ഞാനത്തിന്റെ പോയിന്റുകൾ പറയുന്നുമുണ്ട് ഞാൻ ആത്മാവാണ്, ഡ്രാമയാണ്, ഇത് വിഘ്നമാണ്, ഇത് വഴിയോരക്കാഴ്ചയാണ്, പറയുന്നുമുണ്ട് എന്നാൽ ഇളകിക്കൊണ്ടു മിരിക്കുന്നു. ഇളകി ഇളകി പറഞ്ഞുകൊണ്ടിരിക്കുന്നു.ഇങ്ങനെയുള്ള ബുദ്ധി ആകുമ്പോൾ അചഞ്ചലമാക്കാൻ കഴിയുന്നില്ല അപ്പോൾ മധുബന്റെ അചൽ ഘർ ഓർമ്മിക്കു.ഇത് സ്ഥൂല സാധനമല്ലേ!സൂക്ഷ്മമല്ല.കണ്ണുകൾ കൊണ്ട് കാണുന്ന സാധനമാണ്.എൻറെ ഓർമ്മ ചിഹ്നം അചൽ ഘർ ആണ്, ഹൽചൽ ഘർ അല്ല,എന്തെന്നാൽ ബാപ്ദാദ ഈ വർഷത്തെ സർവ്വ കുട്ടികളെയും പ്രതി മുക്തിവർഷമായി ആചരിക്കാൻ ആഗ്രഹിക്കുന്നു . ഇങ്ങനെയാകരുത് കൈ ഉയർത്തിക്കുമ്പോൾ ചിലരുടെ ഉയരുന്നു, ചിലരുടെ ഉയരുന്നില്ല അല്ല. എല്ലാവരും സന്തോഷം കൈയ്യടികൾ നടത്തണം (എല്ലാവരും കൈ അടിക്കാൻ തുടങ്ങുന്നു ) ഇപ്പോൾ ചെയ്തത് ശരി എന്നാൽ ഇങ്ങനെ തന്നെ ബാപ്ദാദ ഈ വർഷത്തിന്റെ സമാപ്തിയിൽ ഇത്രയും ഉറക്കെ കൈയ്യടിക്കുന്നത് കാണട്ടെ. കയ്യടിച്ചത് നല്ലത് എന്നാൽ അപ്പോഴും വേണം. ചെയ്യുമോ? നോക്കൂ കൈയിന്റെ കൈയ്യടി കൊണ്ട് സന്തോഷിപ്പിച്ചു എന്നാൽ ബാപ്ദാദ പുതുവർഷത്തിൽ ജനുവരി 18 വിശേഷിച്ച് ബ്രഹ്മ ബാബയുടെ ശരീരത്തിൽ നിന്ന് മുക്തമായ ദിവസം,അപ്പോൾ ജനുവരി 18 ന് ബാപ്ദാദ പിന്നെ കൈ ഉയർത്തിക്കും മുക്തിവർഷം ആഘോഷിച്ചോ അതോ വെറും ആലോചിച്ചോ? ആഘോഷിക്കണം ആഘോഷിക്കണം ചിന്തിക്കുന്നത് നിൽക്കുന്നില്ല. സ്വരൂപത്തിൽ കൊണ്ടുവന്നുവോ അതോ ചിന്തിച്ച് ചിന്തിച്ച് അവസാനവും ചിന്തിച്ചു കൊണ്ടിരിക്കുമോ! ഈ റിസൽട്ട് ബാപ്ദാദ കാണാൻ ആഗ്രഹിക്കുന്നു. കാണിക്കുമോ? ശരി ഓർമ്മയുണ്ടാകുമല്ലോ? പ്രാപ്തികളെ മുന്നിൽ വയ്ക്കൂ. ബാബയുടെ ഓർമ്മയ്ക്കൊപ്പം ബാബ എന്ത് നൽകിയോ അതും പ്രത്യക്ഷമാക്കൂ എന്താക്കി മാറ്റി എന്ത് ലഭിച്ചു!

ബാപ്ദാദ ഈ വർഷത്തിനുശേഷം ഓരോ കുട്ടിയെയും മുക്ത ജീവിതത്തിൻറെ സ്ഥിതിയിൽ കാണുീ. ഭാവിയിൽ ജീവൻമുക്തരാകും, എന്നാൽ മുക്ത ജീവിതത്തിൻറെ സംസ്കാരം ഇപ്പോൾ മുതൽ തന്നെ പ്രത്യക്ഷമാക്കണം.നിരന്തര കർമ്മ യോഗി, സഹജ യോഗി, നിരന്തര മുക്ത ആത്മാവിൻറെ സംസ്കാരം ഇപ്പോൾ മുതലേ അനുഭവത്തിൽ കൊണ്ടുവരു, എന്തുകൊണ്ട്?ബാപ്ദാദ ആദ്യമേ സൂചന നൽകിയിട്ടുണ്ട് സമയത്തിൻറെ പരിവർത്തനം താങ്കൾ വിശ്വ പരിവർത്തകരായ ആത്മാക്കൾക്ക് വേണ്ടി പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്.പ്രകൃതി താങ്കൾ പ്രകൃതി ആത്മാക്കളുടെ വിജയഹാരം എടുത്ത് ആഹ്വാനം ചെയ്തു കൊണ്ടിരിക്കുകയാണ്.സമയം വിജയത്തിൻറെ മണിമുഴക്കാനായി താങ്കൾ ഭാവി രാജാധികാരി ആത്മാക്കളെ നോക്കുകയാണ് എപ്പോൾ മണി അടിക്കണം. ഭക്ത ആത്മാക്കൾ ആ ദിവസം സദാ ഓർമിച്ചുകൊണ്ടിരിക്കുന്നു എപ്പോഴാണ് ഞങ്ങളുടെ പൂജ്യദേവ ആത്മാക്കൾ ഞങ്ങൾക്ക് മേൽ പ്രസന്നമായി ഞങ്ങൾക്ക് മുക്തിയുടെ വരദാനം നൽകുക! ദു?ഖി ആത്മാക്കൾ നിലവിളിച്ചു കൊണ്ടിരിക്കുകയാണ് എപ്പോഴാണ് ദു?ഖഹർത്താവ്, സുഖ കർത്താവായ ആത്മാക്കൾ പ്രത്യക്ഷമാവുക!അതിനാൽ ഇവരെല്ലാം താങ്കൾക്ക് വേണ്ടി പ്രതീക്ഷിക്കുകയാണ് അഥവാ ആഹ്വാനം ചെയ്യുകയാണ്.അതിനാൽ ദയാമനസ്കരായ വിശ്വമംഗള കാരി

ആത്മാക്കളെ ഇപ്പോൾ ഇവരുടെ കാത്തിരിപ്പിനെ സമാപ്തമാക്കൂ.താങ്കൾക്ക് വേണ്ടി എല്ലാവരും നിൽക്കുകയാണ്. താങ്കൾ എല്ലാവരും മുക്തമായി മാറു, എങ്കിൽ സർവാത്മാക്കൾ, പ്രകൃതി, ഭക്തർ മുക്തമാകും .അപ്പോൾ മുക്തമാകൂ, മുക്തിയുടെ ദാനം നൽകുന്നവരായ മാസ്റ്റർ ദാതാവാകൂ. ഇപ്പോൾ വിശ്വ പരിവർത്തനത്തിന്റെ ഉത്തരവാദിത്വത്തിന്റെ കിരീടധാരി ആത്മാക്കൾ ആകു.ഉത്തരവാദിത്വമില്ലേ!ബാബയ്ക്കൊപ്പം സഹായിയാണ്.എന്താ താങ്കൾക്ക് ദയ വരുന്നില്ലേ ഹൃദയത്തിൽ നിന്ന് ദു?ഖത്തിന്റെ വിലാപം തിരിച്ചറിയുന്നില്ലേ. വിശ്വ പരിവർത്തക ആത്മാക്കളെ, ഇപ്പോൾ തൻറെ ഉത്തരവാദിത്വത്തിന്റെ കിരീടധാരണം നടത്തു .

ബാപ്ദാദ ആദ്യമേ പറഞ്ഞു 100 ഹിമാലയം അഥവാ എത്ര തന്നെ വലുതിലും വലിയ വിഘ്നം വരട്ടെ അപ്പോഴും പിന്മാറുകയില്ല, തോൽക്കുകയില്ല കിരീടധാരണ മുക്തി വർഷം അവശ്യം ആഘോഷിക്കും. ബാപ്ദാദ പതിവായി ചാർട്ട് നോക്കും.ഇങ്ങനെയല്ല ഇവിടെനിന്ന് പോകുമെങ്കിൽ ട്രെയിനിൽ തന്നെ പറയുക അറിയില്ല എന്തുപറ്റി വീട്ടിൽ പോകുമ്പോൾ ഹംസത്തിന്റെയും വഴക്ക് ആകുന്നു ഇങ്ങനെ പറയരുത് ഇതുണ്ടായി ഇതുണ്ടായി.ഇത് കേൾക്കുകയില്ല താങ്കളുടെ കത്ത് ചവറ്റുകുട്ടയിൽ വീഴും കേൾക്കുകയില്ല. ദൃഢസങ്കല്പം ചെയ്യു  സംഭവിക്കുക തന്നെ വേണം.ഇവിടെ ദൃഢതയുണ്ടോ അവിടെ സഫലത ഉണ്ടാകാതിരിക്കുക അസംഭവ്യമാണ്. അപ്പോൾ എല്ലാവരും ദൃഢസങ്കൽപക്കാരല്ലേ. ടീച്ചേഴ്സ് കൈഉയർത്തൂ, ടീച്ചേഴ്സ് ധാരാളമുണ്ട്. എല്ലാ സെന്ററും കാലിയാക്കി വന്നിരിക്കുകയാണോ?

നോക്കൂ ഒരു സന്തോഷ വാർത്ത കേൾപ്പിക്കുകയാണ്–ബാപ്ദാദ കണ്ടു, ഇപ്പോൾ കണ്ടു, കേട്ടു– സർവ മധുബൻകാരും തന്റെ പരിവർത്തനത്തിന്റെ ലക്ഷ്യം വളരെ നന്നായി വെച്ചിട്ടുണ്ട്, ലക്ഷണം നോക്കാം, പക്ഷേ ലക്ഷ്യം വളരെ നന്നായി വെച്ചിട്ടുണ്ട്. അവനവന്റെ ഉള്ളിൽ എന്തു വന്നുവോ അതും എഴുതിയിട്ടുണ്ട്. എന്നാൽ ബാപ്ദാദയ്ക്ക് സന്തോഷമാണ് ഉള്ളിൽ വരുന്നത്ആരംഭിച്ചു, മുന്നോട്ട് ഉണ്ടായിക്കൊണ്ടിരിക്കും. എന്നാൽ എല്ലാവരും തന്റെ ദൃഢസങ്കൽപത്തിന്റെ ഉണർവുത്സാഹം വളരെ നന്നായി കാണിച്ചു. ഇപ്പോൾ കടലാസിലാണ്, എന്നാൽ കടലാസിലും ആദ്യ ചുവടാണ്. അപ്പോൾ ബാപ്ദാദയ്ക്ക് എന്തുകൊണ്ട് സന്തോഷമുണ്ടായി?

മുഴുവൻ ലോകത്തിനും അർജുനനാണ് മധുബൻ നിവാസി. നിമിത്തം മധുബൻ നിവാസിയാണ്, രണ്ടാം നമ്പറാണ് ദേശ വിദേശത്തെ നിമിത്ത സേവാധാരി ടീച്ചേഴ്സും സർവ സഹയോഗി കൂട്ടുകാരായ മുഴുവൻ പരിവാര ബ്രാഹ്മണാത്മാക്കളും. അപ്പോൾ മധുബന്റെ ഭൂപടം ബാപ്ദാദ നോക്കും തീർത്തും മാറിയിരിക്കുന്നതായി കാണപ്പെടട്ടെ. മധുബൻകാർ കുറച്ചേ വന്നിട്ടുണ്ടാകൂ. പലരും എഴുതിയിട്ടേയില്ല. മുന്നിലിരിക്കുന്നവർ കുറച്ചേ എഴുതിയിട്ടുള്ളൂ. വളരെ തിരക്കിലായിരിക്കുന്നു. എന്നാൽ എപ്പോൾ ജോലി ലഭിക്കുന്നുവോ അപ്പോൾ എഴുതുന്നതിലും മാർക്ക് ലഭിക്കുന്നു. എഴുതിയില്ലെങ്കിൽ കൂടുതൽ മാർക്ക് കുറഞ്ഞു, നഷ്ടമുണ്ടാക്കി. എന്തു നിർദേശം ലഭിക്കുന്നുവെങ്കിലും നേരിട്ട് ബാബയിലൂടെ ലഭിക്കുകയാണ്. നിമിത്ത ആത്മാക്കൾ, ദാദിമാരിലൂടെ ലഭിക്കുകയാണെങ്കിലും, അവർക്ക് ബഹുമാനം നൽകേണ്ടത് അത്യാവശ്യമാണ്. ഇതിൽ ഒഴികഴിവ് നൽകരുത്, അലസരാകരുത്. മുന്നോട്ടേക്ക് വേണ്ടി ബാപ്ദാദ അറിയിക്കുകയാണ് മാർക്ക് ശേഖരിക്കപ്പെട്ടില്ല അതിനാൽ ഇതിന് മഹത്വം നൽകുക, മഹാനാകുക. ലാഘവത്വത്തോടെ എടുക്കാതിരിക്കൂ. കുട്ടികൾ വളരെ സമർത്ഥരാണ്, പറയും ബാപ്ദാദയ്ക്കൊക്കെ അറിയാമല്ലോ. അറിയാം എന്നാൽ പറഞ്ഞതെന്തിനാണ്? അറിഞ്ഞിട്ടും പറഞ്ഞില്ലേ! അപ്പോൾ ഇങ്ങനെ വിടാൻ പാടില്ല, ധാരാളം ഇങ്ങനെയുള്ള കാര്യങ്ങളുണ്ട്, ചെറുത് ചെറുത് അതിൽ ഹാംജി പറയുകയാണെങ്കിൽ മാർക്ക് ശേഖരിക്കപ്പെടുന്നു. പല ഇങ്ങനെയുള്ള വിദ്യാർത്ഥികളുണ്ട്– ഏതെങ്കിലും മുൻ സംസ്കാരത്തിന് വശപ്പെട്ട് വളരെ നല്ല ഉണർവുത്സാഹത്തോടെ പോയി ഏതെങ്കിലും ഏതെങ്കിലും സ്വർണച്ചരട്, സൂക്ഷ്മച്ചരട് അവരെ മുന്നോട്ട് പോകാനനുവദിക്കുന്നില്ല. അവർ മനസിലാക്കുന്നുമുണ്ട് ഈ സൂക്ഷ്മച്ചരട് ഇരിക്കുന്നുണ്ട്, പക്ഷേ പക്ഷേ... തന്നെ പറയുന്നു. എന്നാൽ ഇങ്ങനെയും പുരുഷാർഥിയുണ്ട്– ചെറിയ ചെറിയ സാധാരണ കാര്യങ്ങളിൽ ഹാംജി പറഞ്ഞ് മാർക്ക് ശേഖരിക്കുന്നു. ആ കുറേശ്ശെ കുറേശ്ശെ മാർക്ക് കൂട്ടിച്ചേർത്ത് അവർക്ക് മുന്നിലേക്കെത്താനും കഴിയും. ഇങ്ങനെയും ബാപ്ദാദയുടെ അടുക്കൽ ഉദാഹരണരൂപങ്ങളുണ്ട്, അതിനാൽ സഹജമാർഗമാണ് ചെറു ചെറുതിൽ ഹാംജി പറഞ്ഞ് മാർക്ക് ശേഖരിച്ചുകൊണ്ട് പോകൂ. കളയാതിരിക്കൂ, ശേഖരിക്കൂ. ബാക്കി ബാപ്ദാദ കണ്ടു– ഭൂരിപക്ഷവും തന്റെ ഉണർവുത്സാഹം നന്നായി കാണിച്ചു, അതിനാൽ ദൃഢസങ്കൽപത്തിന് വിശേഷിച്ച് ആ മധുബൻനിവാസി കുട്ടികൾക്ക് ബാപ്ദാദ ഹാംജി പറയുന്നതിന്റെ ആശംസ നൽകുന്നു. സ്നേഹസ്മരണയും നൽകിക്കൊണ്ടിരിക്കുന്നു. ലക്ഷം ലക്ഷം മടങ്ങ് സ്നേഹസ്മരണ നൽകിക്കൊണ്ടിരിക്കുന്നു.എന്തുകൊണ്ട്? മധുബനാണ് ബാപ്ദാദയുടെ സ്വരൂപത്തെ പ്രത്യക്ഷമാക്കുന്ന കണ്ണാടിക്കൊട്ടാരം. അപ്പോൾ ഒരു കാര്യത്തിന് സന്തോഷമുണ്ട്. ഇപ്പോൾ കടലാസിൽ വന്നു, കർമത്തിലേക്ക് കൊണ്ടുവരിക തന്നെ വേണം. ശരിയല്ലേ! നല്ലത്. ആശംസകൾ

ഇപ്പോൾ അഥവാ താങ്കളേവർക്കും പെട്ടെന്ന് നിർദേശം ലഭിക്കുകയാണ് ഇപ്പോഴിപ്പോൾ അശരീരിയാകൂ അപ്പോൾ ആകാൻ കഴിയുമോ അതോ ഇളക്കമുണ്ടാകുമോ? എന്തുകൊണ്ട്? അവസാനസമയത്ത് ഇതേ അഭ്യാസമാണ് ബഹുമതിയോടെ പാസാക്കുക. ഇപ്പോൾ ബാപ്ദാദയും പറയുന്നു– ഒരു സെക്കന്റിൽ എല്ലാ കാര്യങ്ങളെയും മാറ്റി അശരീരിയാകൂ. (ഡ്രിൽ)ശരി

നാനാഭാഗത്തെയും അതി ശ്രേഷ്ഠഭാഗ്യവാൻ, പരമാത്മപാലനയുടെ അധികാരി ആത്മാക്കൾ, പരമാത്മാ പഠിപ്പിന് അധികാരി, പരമാത്മാസത്ഗുരുവിന്റെ വരദാനങ്ങൾക്ക് അധികാരി, സദാ ദൃഢതയിലൂടെ സഫലതയ്ക്ക് അധികാരി, സദാ അഖണ്ഡയോഗി, അചഞ്ചലയോഗി, സദാ വിശ്വപരിവർത്തനത്തിന്റെ ഉത്തരവാദിത്തത്തിന്റെ കിരീടധാരി, സദാ സർവ പ്രാപ്തികളെ എമർജ് രൂപത്തിൽ അനുഭവം ചെയ്യുന്ന ഇങ്ങനെയുള്ള വിശേഷ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

ഇപ്പോൾ മുക്തിവർഷത്തിൽ നമ്പർവൺ മധുബൻ നിവാസി, ശരിയോ? സാധിക്കുമോ ബുദ്ധിമുട്ടാണോ? (ഹാംജി) പിന്നെ ബാപ്ദാദ മധുബൻകാർക്കും ഗോൾഡൻ ബാഡ്ജ് തരും. മധുബൻകാർക്ക് ബാഡ്ജ് തരണം, മറ്റെല്ലാവർക്കും നൽകിയിട്ടുണ്ട്, മധുബൻകാർക്ക് മുക്തിവർഷത്തിന്റെ ഉപഹാരം തരും. ശരി ബാഡ്ജ് തരും താങ്കൾക്ക്, ശരി.

## വരദാനം: ബ്രാഹ്മണജീവിതത്തിൽ ഒരു ബാബയെ തന്റെ ലോകമാക്കുന്ന സ്വതവേ സഹജയോഗിയായി ഭവിക്കട്ടെ.

ബ്രാഹ്മണജീവിതത്തിൽ എല്ലാ കുട്ടികളുടെയും പ്രതിജ്ഞയാണ് –ഒരു ബാബ രണ്ടാമതൊരാളില്ല. ലോകം തന്നെ ബാബയാണെങ്കിൽ രണ്ടാമതൊന്ന് ഇല്ലേയില്ല, സ്വതവേ സഹജയോഗി സ്ഥിതി സദാ ഉണ്ടായിരിക്കും. അഥവാ രണ്ടാമതാരെങ്കിലുമുണ്ടെങ്കിൽ പരിശ്രമം ചെയ്യേണ്ടി വരുന്നു. ഇവിടെ ബുദ്ധി പോകരുത്, അവിടേക്ക് പോകണം. എന്നാൽ ഒരു ബാബയാണ് എല്ലാം എങ്കിൽ ബുദ്ധി എവിടേക്കും പോകാനാവില്ല. ഇങ്ങനെ സഹജയോഗി, സഹജ സ്വരാജ്യഅധികാരിയായി മാറുന്നു. അവരുടെ മുഖത്ത് ആത്മീയതയുടെ തിളക്കം ഏകരസമായി ഒരേപോലെ ഉണ്ടാകുന്നു.

## സ്ലോഗൻ: ബാപ്സമാനം അവ്യക്തവും വിദേഹിയുമാകുക– ഇതാണ് അവ്യക്ത പാലനയുടെ പ്രത്യക്ഷ തെളിവ്.